മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ട്.

(ബി) എന്തെങ്കിലും അസൗകര്യമുള്ളതായി പരാതികളൊന്നും കിട്ടിയിട്ടില്ല.

(സി) ഇല്ല.

നേന്ത്രക്കായ് കയറ്റുമതി

* 459 [16] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷത്തിൽ നേന്ത്രക്കായും മറ്റു വാഴപ്പഴങ്ങളും അന്യരാജ്യങ്ങളിലേക്ക് എത്ര കയറ്റി അയച്ചിട്ടുണ്ട് ;

(ബി) വാഴപ്പഴം കയറ്റി അയയ്ക്കുന്നതു നിയന്ത്രിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) വാഴപ്പഴം കയറ്റി അയയ്ക്കുന്നതുകൊണ്ട് വിദേശനാണ്യം ലഭ്യമാകുന്നതിനാൽ കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ ഭയവുണ്ടാകുമോ ;

(ഡി) നേന്ത്രവാഴ കൃഷി പ്രോത്സാഹിപ്പിക്കുവാൻ ഗവണ്മെന്റ് എന്തെല്ലാം നടപടികളും സ്വീകരിച്ചിട്ടുണ്ട് ?

കൃഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) കേരളത്തിൽനിന്ന കയറ്റി അയച്ചതായി അറിവില്ല.

(ബി) ഗവണ്മെൻറിനുദ്ദേശമില്ല.

(സി) വേണ്ട നടപടികളും എടുത്തുവരുന്നു.

(ഡി) നേന്ത്രവാഴകൃഷിക്കു മാത്രമായി പ്രത്യേക നടപടികളൊന്നും എടുത്തിട്ടില്ല. എന്നാൽ നേന്ത്രവാഴ ഉൾപ്പെടെ വാഴകൃഷി വികസിപ്പിക്കുന്നതിനു ചില പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : നേന്ത്രക്കായ് സോവിയറ്റു റഷ്യയിലേക്ക് കയറ്റി അയയ്ക്കുവാൻ പോകുന്നുവെന്നു റിപ്പോർട്ടുണ്ടായിരുന്നു. നേന്ത്രവാഴ കൃഷി അഭിവൃദ്ധിപ്പെടുത്തുവാൻ മദ്ധ്യ തിരുവിതാംകൂറിൽ വല്ലതും ചെയ്യുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : സൂപ്പർക്കേട് ബാധിക്കാത്ത വാഴക്കന്നുകളും 50 ശതമാനം സബ്സിഡിയിൽ വിതരണം ചെയ്യുന്നുണ്ട്. അതു കൂടാതെ 1000 ഏക്കർ സ്ഥലത്തു ഈ കൃഷി ചെയ്യുവാനുള്ള പദ്ധതിയുമുണ്ട്.

ശ്രീ. ടി സി. നാരായണൻ നമ്പ്യാർ : കഴിഞ്ഞവർഷം സോവിയറ്റു യൂണിയനും, ഇൻഡ്യാഗവണ്മെൻറുമായിട്ടുള്ള ഒരു കരാറിന്റെ അടിസ്ഥാനത്തിൽ 12 കോടിയിൽപരം നേന്ത്രക്കായ് കയറ്റി അയച്ചതായും ഈ കൊല്ലം ആ കരാർ പുതുക്കിയിട്ടുള്ളതായും അറിയുന്നു. നേന്ത്രവാഴ കൃഷി അധികമായിട്ടുള്ള ഈ കേരളത്തിൽനിന്നുംകൂടി നേന്ത്രക്കായ് കയറ്റി അയക്കുന്നതിനു നടപടിയെടുക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : നേന്ത്രക്കായ് അല്ല, പൂവൻ പഴമാണ് അവർക്ക് കൂടുതൽ ഇഷ്ടം. അതുകൊണ്ട് പൂവൻ പഴമാണ് അവർ ആവശ്യപ്പെട്ടിരിക്കുന്നതു.

ശ്രീ. സി. അച്യുതമേനോൻ : ഇവിടെ നിന്നും നേന്ത്രക്കായും മറ്റു സാധാരണുള്ള പഴങ്ങളും കയറ്റി അയയ്ക്കുന്നതെങ്കിൽ കൊച്ചിൻപോർട്ടിൽ ഒരു Cold storage സ്ഥാപിച്ചില്ലെങ്കിൽ, അതു സാദ്ധ്യമാകയില്ലെന്നറിയാമോ ; അതിനു സൗകര്യം വല്ലതും അവിടെ ചെയ്യുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. പൗലോസ് : ഇപ്പോൾ ബോബെയിൽനിന്നും പഴങ്ങൾ കയറ്റി അയയ്ക്കുന്നുണ്ട്. കേരളത്തിൽനിന്ന് കയറ്റി അയയ്ക്കുമ്പോൾ അതിന് ബുദ്ധിമുട്ടുണ്ടെങ്കിൽ അപ്പോൾ അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. ഇ. പി. ഗോപാലൻ : വാഴവയ്പ് ഒരു പ്രത്യേകം ജോലിയായി ഇപ്പോൾ പലരും സ്വീകരിച്ചിട്ടുള്ള ഒരു കാലമാണ്. സംസ്ഥാനത്തിന്റെ ചില പ്രദേശങ്ങളിൽ വാഴകൃഷിക്ക് വിശേഷിച്ചും, പൂവൻ വാഴകൃഷിക്ക് വന്നിട്ടുള്ള സുഖക്കേടിനെ തടയുന്നതിന് കൃഷി ഡിപ്പാർട്ടുമെന്റിൽനിന്ന വല്ല പ്രൊട്ടക്ഷനും ചെയ്തുകൊടുത്തിട്ടുള്ളതായി അറിയാമോ ?

ശ്രീ. ഇ. പി. പൗലോസ് : വാഴ കൃഷിയിൽ ബഹുമാനപ്പെട്ട മെമ്പർക്കുള്ള അഭിരുചിയെ അഭിനന്ദിക്കുകയും, അതിനാവശ്യമായിട്ടുള്ള പ്രോത്സാഹനങ്ങൾ ചെയ്തുകയും ചെയ്യാം. ഇപ്പോൾ സുഖക്കേട് ബാധിച്ചിട്ടുള്ള വാഴകൾ പറിച്ചു കളയുകയേ നിവർത്തിയുള്ളൂ.

നാഷണൽ ഹൈവേ.

* 460. [17] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഹൈവേയുടെ പ്രവൃത്തി എത്ര നാഴിക നീളത്തിൽ പൂർണ്ണമായും ചെയ്തീർത്തു ;

(ബി) ഇനി എത്ര നാഴിക ബാക്കിയുണ്ട് ; എപ്പോൾ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) നാഷണൽ ഹൈവേയിൽ മൊത്തം എത്ര പാലങ്ങൾ പുതുക്കിപണിയേണ്ടതുണ്ടായിരുന്നു ;

(ഡി) എത്രയെണ്ണം പൂർത്തിയായി ; ബാക്കി ഏതെല്ലാം പാലങ്ങളാണുള്ളത് ; അവ എപ്പോൾ ആരംഭിക്കും ;

(ഇ) നാഷണൽ ഹൈവേയിൽ റെയിൽവേ ലൈൻ ക്രോസുകൾ എത്രയുണ്ട് ;

(എഫ്) ഇതിൽ എത്രയെണ്ണത്തിൽ ഓവർബ്രിഡ്ജ് പണിയാൻ ഉദ്ദേശിക്കുന്നുണ്ട് ;

(ജി) എത്ര ഓവർബ്രിഡ്ജുകൾ പൂർത്തിയായി ; ഏതെല്ലാം ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) 65 നാഴിക.

(ബി) 215 നാഴിക ബാക്കിയുണ്ട്. ഇതിൽ 33 മൈൽ സ്ഥലത്ത് പണി നടന്നുവരുന്നു. പണി എപ്പോൾ പൂർത്തിയാകുമെന്നു പറയാൻ നിവൃത്തിയില്ല.

(സി) 56 പാലങ്ങൾ.

(ഡി) പുതുക്കി പണിയേണ്ട നാല് പാലങ്ങളുടെ പണി പൂർത്തിയായി. നാല് പാലങ്ങളുടെ പണി നടന്നുകൊണ്ടിരിക്കുന്നു. ബാക്കി പുതുക്കി പണിയേണ്ട പാലങ്ങളുടെ ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.* ഇവയുടെ പണികൾ കേന്ദ്രഗവണ്മെന്റിന്റെ അനുവാദം ആവശ്യമാകയാൽ എപ്പോൾ ആരംഭിക്കുമെന്നു പറയുവാൻ സാദ്ധ്യമല്ല.

* Appendix II.

LIBRARY ARCHIVES Kerala Legislative Assembly